"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- പ്രളയസമയത്ത് വിവിധ ആവശ്യങ്ങൾക്കായി വയനാട് ആർ.ടി.ഒ റവന്യൂ വകുപ്പിന് ലഭ്യമാക്കികൊടുത്ത വാഹനങ്ങൾക്ക് തുക അനുവദിക്കുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് തുക അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.440/2024/DMD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:- 1.ട്രാൻസ്പോർട്ട് കമ്മീഷണറുടെ 29/04/2020 ലെ സി5/117601/റ്റിസി/2020 നമ്പർ കത്ത്
2.സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ 09/07/2020 ലെ നടപടിക്കുറിപ്പ്
3.സഉ(സാധാ)നം.2698/2024/ധന തീയതി 20/03/2024

**ഉത്തരവ്**

പ്രളയസമയത്ത് വിവിധ ആവശ്യങ്ങൾക്കായി വയനാട് ആർ.ടി.ഒ റവന്യൂ വകുപ്പിന് ലഭ്യമാക്കികൊടുത്ത 10 വാഹനങ്ങൾ ഉപയോഗിച്ചതിന് ഉടമസ്ഥർക്ക് അനുവദിക്കുന്നതിനായി 1,73,658/- രൂപ ഗതാഗത കമ്മീഷണർക്ക് അനുവദിക്കണമെന്ന പരാമർശം(1)പ്രകാരം ആവശ്യപ്പെട്ടിരുന്നു.

09/07/2020 ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് മേൽ പരാമർശിച്ചിരിക്കുന്ന തുക അനുവദിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട് .

ട്രാൻസ്പോർട്ട് കമ്മീഷണറെ 2245-02-101-94-01 -F other items എന്ന ശീർഷകത്തിന്റെ cross mapped CCO ആക്കി മാപ്പ് ചെയ്ത് പരാമർശം(3) പ്രകാരം ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ആർ.ടി.ഒ പ്രളയസമയത്ത് വിവിധ ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിന് ലഭ്യമാക്കികൊടുത്ത 10 വാഹനങ്ങളുടെ വാടക അനുവദിക്കുന്നതിനായി 1,73,658/- രൂപ (ഒരു ലക്ഷത്തി എഴുപത്തി മൂന്നായിരത്തി അറുനൂറ്റിയൻപത്തിയെട്ട് രൂപ മാത്രം) 2245-02-101-94-01 -F other items എന്ന ശീർഷകത്തിൽ നിന്ന് ട്രാൻസ്പോർട്ട് കമ്മിഷണർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് DBT വഴി ധനസഹായം അനുവദിക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ

സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ട്രാൻസ്പോർട്ട് കമ്മീഷണർ,തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 14-06-2024 16:21:02**

സെക്ഷൻ ഓഫീസർ